GE-DA2/24/2023-G.EDN

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് -ശ്രീമതി പ്രസീത വി, ആർ.ഡി.ഡി(റിട്ട.), കണ്ണൂർ-അച്ചടക്കനടപടി-ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3678/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

പരാമർശം:-
1. 26.11.2021 ലെ സി2/102/2021 നം കുറ്റപത്രം
2. പൊതു വിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറുടെ 03.11.2022 ലെ എഡി ഡി1/235131/22/ഡിജിഇ നം കത്ത്
3. പൊതു വിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറുടെ 27.12.2024 ലെ എച്ച്എസ്ഇ/20524/2024-എഡി ഡി1 നം കത്ത്
4. ശ്രീമതി പ്രസീത പി.വി സമർപ്പിച്ച 30.05.2025 ലെ വിശദീകരണം
5. പൊതു വിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറുടെ 27.11.2025 ലെ എഡി ഡി1/20524/24/എഡി ഡി1 നം കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അഗളി ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പലായിരുന്ന ശ്രീമതി. ഹേമലത ഡി-യ്ക്ക് നൽകേണ്ടിയിരുന്ന 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം നല്കിയ പരാമർശം (1)-ലെ കുറ്റപത്രം പൊതുവിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം)

ഡയറക്ടർക്ക് കൈമാറിയിരുന്നെങ്കിലും ആയത് നഷ്ടപ്പെട്ടിരുന്നു. ഈ വിഷയത്തിൽ പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ സർക്കാരിൽ നിന്ന് ലഭ്യമായതും കണ്ണൂർ ആർ.ഡി.ഡി ക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻ്ററി അഡ്മിനിസ്ട്രേഷൻ വിഭാഗം കൊടുത്തയച്ചതുമായ പരാമർശം(1) പ്രകാരമുള്ള കുറ്റപത്രം 20/12/2021 ന് രാവിലെ 9:45 ന് ഓഫീസിൽ എത്തിയ ഉടൻ തന്നെ കണ്ണൂർ ആർ.ഡി.ഡി-യ്ക്ക് കൈമാറിയതായി ടി ഓഫീസിലെ മുൻ ക്ലർക്ക് ശ്രീ വിനോദ് കെ ഒ വി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ശ്രീമതി പ്രസീത പി.വി-യുടെ ഭാഗത്ത് നിന്നും ഗുരുതര വീഴ്ച സംഭവിച്ചുവെന്ന് കണ്ടെത്തിയിരുന്നു.

2. പൊതുവിദ്യാഭ്യാസ (ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം) ജോയിന്റ് ഡയറക്ടറുടെ 28/07/2022 - ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീമതി. ഹേമലത ഡി -യ്ക്ക് നൽകേണ്ടിയിരുന്ന കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ കണ്ണൂർ ആർ.ഡി.ഡി ആയിരുന്ന ശ്രീമതി. പ്രസീത പി വി - യിൽ നിന്നുമാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്നതിനാൽ ഹയർസെക്കൻഡറി വിഭാഗം ആർ.ഡി.ഡിമാരുടെ നിയമനാധികാരി സർക്കാർ ആയതിനാൽ 31/03/2023 - ൽ സർവ്വീസിൽ നിന്നും വിരമിച്ച കണ്ണൂർ ആർ.ഡി.ഡി ആയിരുന്ന ശ്രീമതി.പ്രസീത പി വി - യ്ക്ക് എതിരായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം(3) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ഈ വിഷയത്തിൽ ശ്രീമതി.പ്രസീത.പി.വി - യിൽ നിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ടിയാൾ സമർപ്പിച്ച പരാമർശം(4)-ലെ വിശദീകരണത്തിൽ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ തന്റെ കയ്യിൽ നിന്നുമാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്ന ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടറുടെ കണ്ടെത്തൽ ടിയാൾ നിഷേധിച്ചിട്ടുള്ളതും, കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ആർ.ഡി.ഡി ഓഫീസിൽ ലഭ്യമായിരുന്നു എന്നതിനെ സംബന്ധിച്ച് തനിയ്ക്ക് അറിവില്ല എന്നും ബോധിപ്പിച്ചിരുന്നു.

4. ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടറുടെ 23/07/2022-ലെ അന്വേഷണ റിപ്പോർട്ടിൽ, സർക്കാരിൽ നിന്നും ലഭ്യമായ കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ശ്രീ.പ്രമോദ് കുമാർ.സി.വി, ശ്രീ.വിനോദ്.ഒ.കെ.വി എന്നിവർ മുഖേന ബന്ധപ്പെട്ട ആർ.ഡി.ഡി-യ്ക്ക് ലഭിച്ചിട്ടുള്ളതായി സാഹചര്യതെളിവുകളുടെയും, ജീവനക്കാരുടെ മൊഴികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി പ്രസീത വി-യുടെ വിശദീകരണം തൃപ്തികരമല്ല എങ്കിലും ടിയാൾ എച്ച്.എസ്.എസ്.റ്റി ഫിസിക്സ്, പ്രിൻസിപ്പൽ,ആർ.ഡി.ഡി എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അച്ചടക്ക നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംഭവിച്ച വീഴ്ച്ച മനപൂർവ്വമല്ലാത്ത വീഴ്ച്ചയായി കണക്കാക്കി തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31/03/2023 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി പ്രസീത പി.വി-യ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചാൽ പെൻഷനിൽ നിന്നും നിശ്ചിത തുക കുറവ് ചെയ്യുന്നതിനുള്ള കടുത്ത ശിക്ഷ നൽകുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ. ടിയാൾക്കെതിരെ സർവീസ് കാലയളവിൽ മറ്റ് അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും ടിയാളുടെ ഭാഗത്ത് സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാത്തതിനാലും ടിയാളുടെ ഭാഗത്ത് നിന്ന് വന്ന മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി ടിയാളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കൻഡറി വിഭാഗം), തിരുവനന്തപുരം

2.ശ്രീമതി പ്രസീത പി വി, റിട്ട ആർ.ഡി.ഡി (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

5. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 01-06-2026 12:23:14
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ-യ്ക്ക്